"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ - മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള തളിപ്പറമ്പ് താലൂക്കിലെ കയരളം വില്ലേജിൽ ബ്ലോക്ക് നം. 120 സർവ്വെ നം. 1-ൽപ്പെട്ട 0.2025 ഹെ. (50 സെന്റ്) പുഴ പുറമ്പോക്ക് ഭൂമിയിൽ ബോട്ട് ജെട്ടിയും അനുബന്ധ സൗകര്യ വികസനങ്ങളും ഒരുക്കുന്നതിനായി പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിൽ നിലനിർത്തിക്കൊണ്ട്, വിനിയോഗാവകാശം മാത്രം സംസ്ഥാന ജലഗതാഗത വകുപ്പിന് കൈമാറുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(കൈ) നം.104/2025/LSGD** **തീയതി, തിരുവനന്തപുരം, 23-06-2025.**

പരാമർശം:-

1. ജൂനിയർ സൂപ്രണ്ട്, സംസ്ഥാന ജലഗതാഗത വകുപ്പ് മേഖലാ കാര്യാലയം, പയ്യന്നൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ച 26.09.2024-ലെ PRO1 756/2023 നമ്പർ കത്ത്.
2. മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ 02.11.2024-ലെ 142/2024 നമ്പർ ഭരണസമിതി തീരുമാനം.
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം-ന്റെ 03.02.2025-ലെ LSGD/PD/42970/2024-AR2 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ജലഗതാഗത വകുപ്പിന്റെ പറശ്ശിനിക്കടവ് സ്റ്റേഷനിൽ ബോട്ട് ജെട്ടി, യാത്രക്കാർക്കും വിനോദസഞ്ചാരികൾക്കുമായുള്ള കാത്തിരിപ്പ് കേന്ദ്രം, ബോട്ടുകളുടെ അറ്റകുറ്റപ്പണിക്കുള്ള വർക്ക് ഷോപ്പ് കെട്ടിടം, ജീവനക്കാർക്കുള്ള വിശ്രമമുറി എന്നിവയുടെ നിർമ്മാണത്തിന് പുഴയോട് ചേർന്ന പുറമ്പോക്ക് ഭൂമി അനുവദിക്കണമെന്ന് പരാമർശം 1) പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഈ ആവശ്യത്തിന്മേൽ പരമാർശം 2) പ്രകാരം ചേർന്ന പഞ്ചായത്ത് ഭരണസമിതി യോഗത്തിൽ പ്രസ്തുത വിഷയം ചർച്ച ചെയ്യുകയും അതിൽ തളിപറമ്പ് താലൂക്ക് കയരളം വില്ലേജ് ബ്ലോക്ക് നം.120 സർവ്വെ നം. 1-ൽപ്പെട്ടതും മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ളതുമായ 0.2025 ഹെ. (50 സെന്റ്) പുഴ പുറമ്പോക്ക് ഭൂമി, സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ബോട്ട് ജെട്ടി, യാത്രക്കാർക്കുള്ള കാത്തിരിപ്പ് കേന്ദ്രം, ബോട്ടുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള വർഷോപ്പ് കെട്ടിടം, ജീവനക്കാർക്കുള്ള വിശ്രമമുറി എന്നിവ നിർമ്മിക്കുന്നതിന് ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിൽ നിലനിർത്തിക്കൊണ്ടും നിലവിലുള്ള കേരള പഞ്ചായത്ത് രാജ് നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായികൊണ്ടും കേരള സംസ്ഥാന ജലഗതാഗത വകുപ്പിന് വിട്ട് നൽകുന്നതിന് നിയന്ത്രിത അനുമതി നൽകണമെന്ന് തീരുമാനിക്കുകയും അതിന്റെ

അടിസ്ഥാനത്തിൽ സർക്കാർ തീരുമാനത്തിനായി പരാമർശം 3) പ്രകാരം പ്രൊപ്പോസൽ ലഭ്യമാക്കുകയും ഉണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബോട്ട് ജെട്ടി എന്നത് പുഴ പുറമ്പോക്കിൽ മാത്രം സാധ്യമാകുന്ന ഒരു സൗകര്യമാണെന്നിരിക്കെ പ്രാദേശിക വികസനത്തിന് ഉത്തരവാദിത്വമുള്ള പഞ്ചായത്തിന് അതിൽ കൂട്ടുത്തരവാദിത്തമുണ്ട് എന്നത് കണക്കിലെടുത്തും സംസ്ഥാന സർക്കാരിലെ തന്നെ മറ്റൊരു വകുപ്പായ ജല ഗതാഗത വകുപ്പിനാണ് ഭൂമി കൈമാറുന്നത് എന്നതിനാലും തളിപ്പറമ്പ് താലൂക്ക് കയരളം വില്ലേജ് ബ്ലോക്ക് നം.120 നണിയൂർ നമ്പ്രം സർവ്വെ നം.1-ൽപ്പെട്ടതും മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ളതുമായ 0.2025 ഹെ. (50 സെന്റ്) പുഴ പുറമ്പോക്ക് ഭൂമി സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ബോട്ട് ജെട്ടി, യാത്രക്കാർക്കുള്ള കാത്തിരിപ്പ് കേന്ദ്രം, ബോട്ടുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള വർഷോപ്പ് കെട്ടിടം, ജീവനക്കാർക്കുള്ള വിശ്രമമുറി എന്നിവ നിർമ്മിക്കുന്നതിന്, നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി, ഉടമസ്ഥത ഗ്രാമപഞ്ചായത്തിൽ തന്നെ നിലനിർത്തിക്കൊണ്ട് പ്രസ്തുത ഭൂമിയുടെ വിനിയോഗാവകാശം മാത്രം ജല ഗതാഗത വകുപ്പിന് കൈമാറുന്നതിന്, ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ മയ്യിൽ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ഭൂമി അനുവദിയ്ക്കുന്ന ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ.
ii. ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല.
iii. ഭൂമി പാട്ടത്തിന്/ ഉപപാട്ടത്തിന്/ തറവാടകയ്ക്ക് നൽകുവാനോ, ദുരപയോഗപ്പെടുത്തുവാനോ പാടില്ല;
iv. ഭൂമി എല്ലാത്തരത്തിലുള്ള കയ്യേറ്റങ്ങളിൽ നിന്നും ജലഗതാഗത വകുപ്പ് തന്നെ സംരക്ഷിച്ച് നിർത്തേണ്ടതാണ്;
v. മേൽ പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിക്ഷിപ്തമാകുന്നതാണ്.
vi. പാട്ട തുക ഉൾപ്പെടെ കൈമാറ്റം സംബന്ധിച്ച വ്യവസ്ഥകളും, നിയന്ത്രണങ്ങളും, നിയമാനുസൃത കാലപരിധിയും ഗ്രാമപഞ്ചായത്തിന് തീരുമാനിക്കാവുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ അദീല അബ്ദുള്ള ഐ എ എസ്**

**സ്പെഷ്യൽ സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കണ്ണൂർ.
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
ഡയറക്ടർ, സംസ്ഥാന ജല ഗതാഗത വകുപ്പ്.
സെക്രട്ടറി, മയ്യിൽ ഗ്രാമപഞ്ചായത്ത്, കണ്ണൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ((എ&ഇ)/ (ഓഡിറ്റ്) ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ്.

കരുതൽ ഫയൽ// ഓഫീസ് കോപ്പി (RE3/19/2025/LSGD)

ഉത്തരവിൻ പ്രകാരം

Signed by

Biju. B

Date: 23-06-2025 15:36:21

സെക്ഷൻ ഓഫീസർ